# ബഡ്ജറ്റ് സമീപനം

"*ഗ്രാമസ്വരാജിനെക്കുറിച്ച് എന്റെ സങ്കൽപം, അത് സ്വന്തം അടിസ്ഥാനാവശ്യങ്ങൾക്ക് അയൽ ഗ്രാമങ്ങളെ ആശ്രയിക്കാത്തതും, എന്നാൽ ആശ്രയം അത്യാവശ്യമായിട്ടുള്ള മറ്റു പലതിനും, അന്യോന്യം ആശ്രയിക്കുന്നതുമായ ഒരു സമ്പൂർണ്ണ റിപ്പബ്ലിക്കമായിരിക്കുമെന്നാണ്".* മാഹാനായ ഗാന്ധിജിക്ക് ഗ്രാമസ്വരാജിനെക്കുറിച്ചുള്ള സങ്കൽപ സാക്ഷാത്ക്കാരത്തിന് നാളെന്നും കഠിനമായി ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.... അപ്രതീക്ഷിത പ്രതിസന്ധികളായ കോവിഡിനെയും, മഹാപ്രളയത്തെയും അതിജീവിച്ച് മുന്നേറുമ്പോൾ..... 2024 ജൂലൈ 30 മേപ്പാടി ഗ്രാമപഞ്ചായത്തിനെ മാത്രമല്ല കേരളത്തെ ആകെ അതിന്റെ എക്കാലത്തെയും വലിയ ദുരന്തങ്ങളിലൊന്നായി ഇന്ത്യയെത്തന്നെ ഞെട്ടിച്ച മുണ്ടക്കൈ ചൂരൽമല ദുരന്തം.... നമ്മുടെ പഞ്ചായത്തിലെ 266 പേർ മരിക്കുകയും 32 പേരെ കാണാതാവുകയും ആയിരത്തിലധികം പേർക്ക് അവരുടെ ജീവനോപാധി നഷ്ടപ്പെടുകയും..... അതിലേറെ പേർക്ക് അവരുടെ ഉറ്റവരെയും. ഉടയവരെയും...... എന്നെന്നേക്കുമായി നഷ്ടപ്പെട്ടു എന്നത്...... വളരെ പെട്ടെന്ന് മറക്കാനോ...... പരിഹരിക്കാനോ കഴിയുന്ന ഒന്നല്ല..... കേരള സർക്കാർ നടപ്പിലാക്കുന്ന പു:നരധിവാസപാക്കേജ് എത്രയും പെട്ടെന്ന് അതിന്റെസമ്പൂർണ്ണ സാക്ഷാത്ക്കാരത്തിലെത്തുന്നതിന് നാം ഓരോരുത്തരും കഠിനമായി പരിശ്രമിക്കേണ്ടതുണ്ട്.

14-ാം പഞ്ചവത്സര പദ്ധതിയിലെ നാലാമത്തേതും നിലവിലെ മേപ്പാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അവസാനത്തേതുമായ വാർഷിക പദ്ധതിയാണ് ബഡ്ജറ്റ് 2025-26. പാരമ്പര്യ ജീവിത രീതിയിൽ നിന്നും പുരോഗമനാത്മകമായ ജീവിത ചര്യകളിലേക്ക് ഗ്രാമീണ സമൂഹത്തെ നടത്തുന്ന മാറ്റത്തിന്റെ ഉൽപ്രേരക ശക്തിയായും, സ്വന്തം കഴിവുകളും, വിഭവങ്ങളും വികസിപ്പിക്കുന്നതിന് അവരെ സഹായിക്കുന്നതിനും, ഗ്രാമീണ ജനതയുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക ഉന്നമനത്തെ ലക്ഷ്യം വച്ചുകൊണ്ട് വാർഷിക പദ്ധതി എന്ന നിലക്ക് ആരോഗ്യ, സാമൂഹ്യ, ക്ഷേമം, വിദ്യാഭ്യാസം, കൃഷി, തൊഴിൽ, ലിംഗ സമത്വംവും എന്നിവക്ക് ഊന്നൽ നൽകുന്നതാണ് മേപ്പാടി ഗ്രാമപഞ്ചായത്ത് 2025-26 വാർഷിക ബഡ്ജറ്റ് വിഭാവനം ചെയ്യുന്നത്.

<u>വാർഷിക ബഡ്ജറ്റ് 2025-26</u>

മേപ്പാടി ഗ്രാമപഞ്ചായത്ത് വാർഷിക ബഡ്ജറ്റ് 2025-26 ആകെ പ്രതീക്ഷിക്കുന്ന വരുമാനം (മുൻബാക്കി ഉൾപ്പെടെ) 72,52,59,181/- രൂപയും, ആകെ പ്രതീക്ഷിക്കുന്ന ചിലവ് 71,82,84,953/- രൂപയും, 69,74,228/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ഈ ഭരണസമിതിക്കുവേണ്ടി പ്രസിഡന്റിന്റെയും മറ്റ് ഭരണസമിതി അംഗങ്ങളുടെയും അനുമതിയോടെ ഞാനിവിടെ അവതരിപ്പിക്കുന്നത്. പ്രതീക്ഷിത വരുമാനത്തെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഭരണസമിതി അംഗങ്ങളുടെയും അഭിപ്രായ സമന്വയത്തിലൂടെ സേവനമേഖലക്ക് ഊന്നൽ നൽകി ഉത്പാദന മേഖല, പശ്ചാത്തലമേഖല എന്നീ മൂന്ന് തലത്തിലും സാമൂഹ്യനീതി, സമത്വം, പിന്നോക്ക വിഭാഗങ്ങളുടെ അർഹമായ പരിഗണന, ജൻഡർ സൌഹൃദവും, വയോജന സൌഹൃദവും ഒപ്പം മുണ്ടക്കൈ ചൂരൽമല ദുരിതബാധിതരുടെ പുഃനരധിവാസത്തിന് പ്രചോദനം നൽകുന്ന സർവ്വതല സ്പർശിയും, സമസ്ത ജനസേവനവും പരമാവധി ഉറപ്പാക്കിയാണ് ബഡ്ജറ്റ് 2025-26 വിഭാവനം ചെയ്തിട്ടുള്ളത്. ഉത്പാദന മേഖലയിൽ നെൽകൃഷി, തെങ്ങ് കൃഷി, ക്ഷീരോത്പാദനം, മത്സ്യകൃഷി, മുട്ടകോഴിവളർത്തൽ എന്നിവക്ക് മുൻഗണന നൽകി തരിശ് ഭൂമി കൃഷി ഇടമാക്കി മാറ്റുന്നതിനും മണ്ണ് സംരംക്ഷണം, ജല സംരക്ഷണം എന്നിവക്കായി ഉദ്പാദന മേഖലക്കായി 6,34,60,000/-രൂപ വകയിരുത്തുന്നു.

സേവനമേഖലയിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഭവന നിർമ്മാണത്തിനും മുൻ തൂക്കം നൽകി ഇതിനായി 12,62,83,512/- രൂപയും, വനിതകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, പട്ടികജാതി-പട്ടികവർഗ്ഗം, വയോജന ക്ഷേമം എന്നിവക്കായി 4,24,42,250/-രൂപയും, ആരോഗ്യം, വിദ്യാഭ്യാസം,കല സംസ്കാരം, ശുചിത്വമാലിന്യ സംസ്കരണം എന്നിവക്കായി 1,62,22,200/-രൂപയും ഉൾപ്പെടെ സേവന മേഖലയിൽ ആകെ 26,70,92,953/- രൂപയും കൂടാതെ സംസ്ഥാന സർക്കാരിന്റെ വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതികളിലൂടെ 11,27,50,000/- രൂപയും വകയിരുത്തുന്നു.

മുണ്ടക്കൈ ചൂരൽമല ദുരന്ത ബാധിതരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന പുഃനരധിവാസ പാക്കേജ് അതിന്റെ പരിസമാപ്തിയിൽ എത്തുന്നതുവരെ അതിന്റെ പുരോഗതി ജനങ്ങളിലെത്തിക്കുന്നതിനും പ്രവൃത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു പ്രത്യേക സെല്ല് രൂപീകരിക്കുന്നതിന് അതിന്റെ പ്രവൃത്തനത്തിനുമായിപദ്ധതിയിൽ 10 ലക്ഷം രൂപയും, ദുരന്ത നിവാരണ തുടർ പ്രവൃത്തനത്തിനായി 10 ലക്ഷം രൂപയും, ദുരന്ത മേഖലയിലെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിന് തൊഴിലിടം എന്ന പദ്ധതിക്കായി 20 ലക്ഷം രൂപയും, അച്ചനമ്മമാർ നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 20 ലക്ഷം രൂപയും, ദുരന്തമേഖലയിൽ ഉപയോഗശൂന്യമായ ഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള തുടർ പ്രവൃത്തികൾക്കായി 25 ലക്ഷം രൂപയും, ഈ മേഖലയിലെ ജനങ്ങളെ വന്യജീവികളിൽ നിന്നും സംരക്ഷിക്കുന്നതിന് സോളാർ ഫെൻസിംഗ്

സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ട 245 പേരുടെയും കാണാതായ 44 പേരുടെയും സ്മരണ നിലനിർത്താൻ ജൂലൈ 30 സ്മൃതി മണ്ഡപത്തിനായി 5 ലക്ഷം രൂപയും ആകെ ഒരു കോടി (തനത് ഫണ്ടിൽ നിന്നും 65 ലക്ഷം രൂപ ഇതിനായി വിനിയോഗിച്ചുകൊണ്ട്) രൂപ മുണ്ടക്കൈ ചൂരൽമല ദുരന്ത മേഖലയുടെ പു:നരുജ്ജീവന പ്രവർത്തനങ്ങൾക്കായി പദ്ധതിയിൽ വകയിരുത്തുന്നു.

## അടിസ്ഥാന സൌകര്യ വികസനം

ഗ്രാമീണ റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ, കെട്ടിടങ്ങൾ, തെരുവ് വിളക്ക് എന്നിവക്കായി2,23,40,000/– രൂപയും (തൊഴിലുറപ്പ് പദ്ധതി) ഉൾപ്പെടെ ആകെ ഈ മേഖലയിൽ 8,04,40,000/– രൂപയും ഘടക സ്ഥാപനങ്ങളുടെ അനിവാര്യ ചെലവുകൾക്കായി 51,45,000/– രൂപയും പുതിയ കെട്ടിടങ്ങളുടെയും ദുരന്തത്തിൽ തകർന്ന റോഡുകളുടെ നിർമ്മിതിക്കായി (തൊഴിലുറപ്പ് പദ്ധതിയിലെ 6,40,00,000/–) ഉൾപ്പെടെ ആസ്തി നിർമ്മാണത്തിനായി ആകെ 7,33,30,000/– രൂപ വകയിരുത്തുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (M G N R E G S)

ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ച് ആരംഭിച്ച ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇന്ന് സമഗ്രതല സ്പർശിയായി ഏതൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും നെടും തൂണാണ്. മുണ്ടക്കൈ ചൂരൽമല ദുരന്തത്തിൽ പൂർണ്ണമായുംതകർന്ന 10, 11, 12 വാർഡുകളുടെ പുന സൃഷ്ടിക്കായി ദേശീയ മാനദണ്ഡത്തിൽ 14.08.2024–ലെ 1527/24/ത:സ്വ:ഭ:വ നമ്പർ സർക്കാർ ഉത്തരവിലൂടെ കാതലായ മാറ്റം വരുത്തി അതിനുപകരം 150 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, പ്രളയബാധിത പ്രദേശത്ത് പൂർണ്ണമായും തകർന്ന റോഡുകളും, പാലങ്ങളും നിർമ്മിക്കുന്നതിനും, തോടുകളിലും, വീടുകളിലും അടിഞ്ഞുകൂടിയ മണ്ണെടുത്ത് മാറ്റുന്നതിനും, തകർന്നുപോയ കാർഷികമേഖലയെ പു:നരുജ്ജീവിപ്പിക്കുന്നതിനും വേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി അടിസ്ഥാനസൌകര്യ വികസനത്തിന് ഉതകുന്ന ആക്ഷൻപ്ലാൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇത് പ്രകാരം മെറ്റീരിയൽ പ്രവൃത്തിക്ക് മാത്രമായി 28,67,50,000/– രൂപയും, ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തിക്കായി 6,46,00,000/–രൂപയും വകയിരുത്തി ദുരന്ത മേഖലയുടെ അടിസ്ഥാന സൌകര്യ വികസനത്തിനും ജീവനോപാധിക്കും വളരെ പ്രയോജനം ചെയ്യുന്ന ഒന്നാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഈ വർഷത്തെ ആക്ഷൻ പ്ലാൻ.

## Action Plan MGNREGS

| MEPPADI GRAMA PANCHAYAT | | | | | | |
|---|---|---|---|---|---|---|
| MGNREGA PHYSICAL PERFORMANCE | | | | | | |
| ACTION PLAN 2025-26 | | | | | | |
| Sl No | Category | Nos. | Amount | Labour Component | Material Component | Mandays |
| 1 | A | 514 | 29502500 | 26810150 | 2692350 | 207543.7861 |
| 2 | B | 600 | 33698000 | 10522000 | 23176000 | 30410.40462 |
| 3 | C | 2 | 1000000 | 200000 | 800000 | 578.0346821 |
| 4 | D | 550 | 333520000 | 38730000 | 294790000 | 400953.7572 |
| | TOTAL | **1666** | **397720500** | **76262150** | **321458350** | **639486** |

ബഡ്ജറ്റ് 2025-26 മുൻഗണന നൽകിയിട്ടുള്ള പ്രധാന മേഖലകളും അവയുടെ വകയിരുത്തലുകളും

| | | |
|---|---|---|
| 1 | വിവിധ ജനവിഭാഗങ്ങൾക്കുള്ള സാമൂഹ്യക്ഷേമ പെൻഷന് (സംസ്ഥാന സർക്കാര് വിഹിതം) | 11,27,50,000 |
| 2 | ദാരിദ്ര്യ നിർമ്മാർജ്ജനം (തൊഴിലുറപ്പ് കൂലി ഉൾപ്പെടെ) | 10,05,00,000 |
| 3 | ഭവന നിർമ്മാണം | 2,57,83,512 |
| 4 | കാർഷിക മേഖല | 73,80,000 |
| 5 | ക്ഷീരവികസനം, മൃഗസംരക്ഷണം | 69,00,000 |
| 6 | പട്ടികജാതി വികസനം | 2,66,92,321 |
| 7 | പട്ടികവർഗ്ഗ വികസനം | 97,18,000 |
| 8 | അംഗൻവാടി പോഷകാഹാരം | 80,21,000 |
| 9 | മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതർക്കായുള്ള പ്രത്യേക പദ്ധതികൾക്ക് | 10000000 |
| 10 | ശുചിത്വമാലിന്യ സംസ്കരണം | 8053600 |
| 11 | കുട്ടികൾ ഭിന്നശേഷിക്കാര് | 95,25,000 |
| 12 | വൃദ്ധർ, പാലിയേറ്റീവ് കെയർ, അഗതികൾ | 37,25,000 |
| 13 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | 12,05,000 |
| 14 | മത്സ്യകൃഷി/ കോഴിവളർത്തല് | 48,20,000 |
| 15 | ആരോഗ്യമേഖല | 49,75,000 |
| 16 | വനിതാക്ഷേമം | 89,80,000 |
| 17 | കുടിവെള്ള പദ്ധതി | 56,33,600 |
| 18 | സ്വയംതൊഴിൽ സംരംഭം | 13,30,000 |
| 19 | തെരുവ് വിളക്ക്(അടിസ്ഥാന സൌകര്യം) | 35,00,000 |
| 20 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജൻസി ചെലവുകള് | 51,45,000 |
| 21 | അടിസ്ഥാന സൌകര്യ വികസനം ഗ്രാമീണ റോഡുകൾ, കെട്ടിടങ്ങൾ | 2,23,40,000 |
| 22 | ആസ്തി നിർമ്മാണം പുതിയ കെട്ടിടങ്ങൾ | 76,00,000 |
| 23 | ദുരന്തമേഖലയിൽ ആസ്തി നിർമ്മാണം പുതിയ റോഡുകൾ (തൊഴിലുറപ്പ് പദ്ധതി) | 6,46,00,000 |

## പ്രതീക്ഷിത വരവുകൾ

| | | |
|---|---|---|
| 1 | നികുതി വരുമാനം | 2,18,40,000 |
| 2 | നികുതി ഇതര വരുമാനം | 1,30,14,000 |
| 3 | ജനറൽ പർപ്പസ് ഫണ്ട് | 2,82,42,063 |
| | ആകെ തനത് വരുമാനം | 6,30,96,063 |
| 4 | വികസനഫണ്ട് ജനറൽ | 4,78,11,441 |
| 5 | വികസനഫണ്ട് എസ് സി പി | 2,66,92,321 |
| 6 | വികസനഫണ്ട് ടി എസ് പി | 97,18,000 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,07,12,000 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2,87,50,000 |
| 9 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 1,24,45,000 |
| 10 | സംയുക്തപദ്ധതികൾക്കായി | 88,13,000 |
| 11 | സാമൂഹ്യ ക്ഷേമ പെൻഷൻ<br>സംസ്ഥാന പദ്ധതി | 11,27,50,000 |
| 12 | MGNREGS ആകെ | 39,77,20,500 |
| 13 | മുൻവർഷത്തെ നീക്കിബാക്കി | 62,45,368 |
| 14 | ആകെ പ്രതീക്ഷിക്കുന്ന വരുമാനം | 72,52,59,181 |

<u>ആകെ പ്രതീക്ഷിക്കുന്ന ചിലവുകൾ</u>

| | | |
|---|---|---|
| 1 | ഭരണ ചിലവുകൾ ജീവനക്കാര്യം,<br>മറ്റ് അനിവാര്യ ചിലവുകൾ | 4,46,27,000 |
| 2 | സാമൂഹ്യ സുരക്ഷ ക്ഷേമ പെൻഷനുകൾ | 11,27,50,000 |
| 3 | ഉദ്പാദന മേഖല ആകെ | 13,14,60,000 |
| 4 | സേവന മേഖല ആകെ | 26,70,92,953 |
| 5 | അടിസ്ഥാന സൌകര്യ വികസനം | 8,12,40,000 |
| 6 | ഘടക സ്ഥാപനങ്ങളുടെ അനിവാര്യ<br>ചിലവുകൾ | 51,45,000 |
| 7 | ആസ്തി നിർമ്മാണത്തിനുള്ള മൂലധന<br>ചിലവുകൾ | 7,33,30,000 |
| 8 | ആകെ പ്രതീക്ഷിക്കുന്ന ചിലവുകൾ - 71,82,84,953/-<br>69,74,228/- രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് 2025-26 ൽ വിഭാവനം ചെയ്തിട്ടുള്ളത് . | |

## ജൻഡർ ബഡ്ജറ്റ് 2025-26

സ്ത്രീക്കും, പുരുഷനും, ലിംഗസമത്വം, തുല്യനീതി, ഒറ്റപ്പെട്ടുപോയ അഥവാ അരികവൽക്കരിക്കപ്പെട്ട ട്രാൻസ് ജൻഡർ പോലുള്ള വിഭാഗങ്ങൾ ഉണ്ടെങ്കിൽ അവരെ പൊതു സമൂഹത്തിന്റെ ഭാഗമാക്കി സ്ത്രീകളെയും, കുട്ടികളെയും, ശീരീരിക വെല്ലുവിളികൾ നേരിടുന്നവരെയും പോലെ അവരുടെയും, സാമൂഹ്യ സുരക്ഷയും, അവസരസമത്വവുംഉറപ്പാക്കുക എന്നതാണ് ജൻഡര് ബഡ്ജറ്റിലൂടെ നാം വിവക്ഷിക്കുന്നത്.

അധികാര രാഷ്ട്രീയത്തിനുപകരം ഉത്പാദന വർദ്ധനവില് കേന്ദ്രീകരിച്ചുള്ള വികസനത്തിൻറെ പുത്തന് രാഷ്ട്രീയം രൂപപ്പെടുത്തണം എന്ന ഇ എം എസ് നമ്പൂതിരിപ്പാടിൻറെ ആശയത്തിൻറെ സാക്ഷാത്ക്കാരമായിരുന്ന സമസ്ത മേഖലയിലുമുള്ള സ്ത്രീ ശാക്തീകരണം....ജൻഡര് ബഡ്ജറ്റ് സ്ത്രീകളുടെ അവകാശങ്ങൾക്ക് ഉറച്ച പിന്തുണ നൽകുന്നു. ജൻഡര് ബഡ്ജറ്റ് എന്ന സ്ത്രീകളുടെസമഗ്ര മാറ്റത്തിലൂന്നിയ ലിംഗാവബോധം ആസൂത്രണം തയ്യാറാക്കിയ ആദ്യ സംസ്ഥാനം ഒരുപക്ഷെ കേരളമാണ്. ഒൻപതാം പദ്ധതിക്കാലത്ത് വികേന്ദ്രീകൃതാസൂത്രണത്തിൻറെ സന്ദർഭത്തിലാണ് ആദ്യമായി ഇത് തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയില് വനിതാ ഘടക പദ്ധതികൂടി ഉൾപ്പെടുത്തി ബഡ്ജറ്റിംഗ് പ്രക്രിയയിൽ ജൻഡര് കൂടി സമന്വയിപ്പിക്കുന്ന ഒരു ശ്രമമായാണിതുള്ളത്. ഒൻപതാം പദ്ധതിക്കാലം മുതല് വാർഷിക പദ്ധതി വിഹിതത്തിൽ വർദ്ധനവ് വരുത്തികൊണ്ട് സ്ത്രീകളുടെ ആവശ്യങ്ങളെ പരിഗണിച്ച് കേരളത്തിൻറെ പഞ്ചവത്സര പദ്ധതിയില് ജൻഡര് റെസ്പോൺസീവ് ബഡ്ജറ്റിംഗിന് ബോധപൂർവ്വമായ ഒരു ശ്രമമുണ്ടാകുകയും അങ്ങനെ 1996-ലാണ് ബഡ്ജറ്റിംഗിൻറെ ആദ്യ രൂപം കേരളത്തില് ആരംഭിച്ചത്.

സ്ത്രീ ശാക്തീകരണത്തിൽ ഊന്നിയുള്ള അധികാരവികേന്ദ്രീകരണം കേരളത്തെ ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങളില് നിന്നും വ്യത്യസ്തമാക്കി എന്നു മാത്രമല്ല ജനകീയാസൂത്രണത്തിൻറെ കൂടപ്പിറപ്പായ കുടുംബശ്രീ എന്ന മഹത്തായ പ്രസ്ഥാനം കേരളത്തിലെ സ്ത്രീശാക്തീകരണത്തിൻറെ ഉദാത്ത മാതൃകയാണ്.... 25 വർഷം പിന്നിട്ട കുടുംബശ്രീ പ്രസ്ഥാനം ഇന്ത്യക്ക് എന്നല്ല ഇന്ന് ലോകത്തിന് തന്നെ മാതൃകയാണ്...

കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളില് 57 ശതമാനത്തില് കൂടുതല് സ്ത്രീകളാണ് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ വികസന പ്രവൃത്തനത്തിൻറെ നെടുംതൂണായ MGNREGS-ൽ 95% വും സ്ത്രീകളാണെന്ന് മാത്രമല്ല, വനിത പദ്ധതിയിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നതിലൂടെ ഉത്പാദനമേഖലയിലും, പശ്ചാത്തലമേഖലയിലും വിപ്ലവകരമായ മാറ്റം സാധ്യമാകുന്നു... കേരളത്തിൻറെ വികസനത്തില് ലിംഗ സമത്വത്തിന് പരമപ്രാധാന്യം നൽകുന്നുണ്ട്. എന്നാൽ കേരളത്തിലെ വിദ്യാസമ്പന്നരായ സ്ത്രീകളിൽ ജോലിയില് പങ്കെടുക്കുന്നവരുടെ നിരക്ക് തുലോം കുറവാണ് എന്ന് മാത്രമല്ല സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിഗാതിക്രമങ്ങളും, പൊതു സുരക്ഷിതത്വം ഇല്ലായ്മയും ലിംഗ സമത്വത്തിൽ കേരളം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

വൈകിയാണെങ്കിലും 14-ാാം പഞ്ചവത്സര പദ്ധതി വിവക്ഷിക്കുന്ന തരത്തിലുള്ള ഒരുജൻഡര് സന്തുലിത അഥവാ സമത്വ ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിന് മേപ്പാടി ഗ്രാമ പഞ്ചായത്ത് ക്ഷേമ, ആരോഗ്യ,വികസന,ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ നിർദ്ദേശപ്രകാരം മേപ്പാടി ഗ്രാമ പഞ്ചായത്ത് ജൻഡര് ബഡ്ജറ്റിംഗ് 2025-26ന് തുടക്കം കുറിക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ തുക | പദ്ധതി തുക | ഗുണഭോക്താക്കള് | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| 1 | ഷീ ലോഡ്ജ് (ബഹുവർഷം 70,00,000 | 70,00,000 | 22,00,000 | സ്ത്രീകൾ | സ്ത്രീ സുരക്ഷ സ്വയംതൊഴിൽ സ്ത്രീ ശാക്തീകരണം |
| 2 | വനിതകൾക്ക് ഓപ്പണ് ജിം | 6,50,000 | 6,50,000 | സ്ത്രീകൾ | ആരോഗ്യം സുരക്ഷ , സാമൂഹ്യ ക്ഷേമം |
| 3 | വയോജനപാർക്ക് | 88,00,000 | 8,00,000 | വൃദ്ധർ ( സ്ത്രീകളും പുരുഷൻമാരും) | വയോജനങ്ങളുടെ മാനസിക ഉല്ലാസം, ഉയർന്ന ആയുർ ദൈർഘ്യം കേരളത്തിൻറെ പ്രത്യേകത |
| 4 | വനിതകൾക്ക് സ്വയംതൊഴിൽ | 12,00,000 | 12,00,000 | വനിതകൾ. LGBT ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ | LGBT വിഭാഗത്തിൽ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ/സ്ത്രീകളുടെ സ്വയംപര്യാപ്തത |
| 5 | ബസ് സ്റ്റാൻഡിന് സമീപം വനിതകൾക്ക് ഫ്രഷ് അപ് റസ്റ്റ് ഏരിയ | 18,00,000 | 18,00,000 | സ്ത്രീകൾ | സ്ത്രീ സുരക്ഷ സ്വയംതൊഴിൽ സ്ത്രീ ശാക്തീകരണം |